അര നൂറ്റാണ്ടെന്നാൽ ആകാശവാണിക്ക് എത്ര വർഷം?

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

> വസ്തുതകൾ, ഇപ്രകാരം സംശയാതീതമായ രീതിയിൽ, ലഭ്യമാകുന്ന ഇക്കാലത്താണ്, മലയാള റേഡിയോ പ്രക്ഷേപണത്തിന്റെ തുടക്കം 1943 മാർച്ചിൽ ആണെന്നു പ്രക്ഷേപണം ചെയ്ത്, ഒരു കൊല്ലത്തെ ആഘോഷപരിപാടികൾ ഇവിടെ ഏർപ്പാടു ചെയ്തിരിക്കുന്നത്. വിവരക്കേടു വിളംബരം ചെയ്യാൻ ഇവിടത്തെ പ്രസരണികളൊക്കെ ഉപയോഗപ്പെടുത്തുകയാണ്! പ്രക്ഷേപണ ചരിത്രത്തെക്കുറിച്ച് ജനങ്ങളെ എത്രമാത്രമാണ് തെറ്റിദ്ധരിപ്പിക്കുന്നത്! വായിക്കുന്ന ശീലമുള്ളവരായിരുന്നു ഇതു സംഘടിപ്പിച്ചതെങ്കിൽ, മലയാള പ്രക്ഷേപണചരിത്രത്തിന്റെ രൂപരേഖ ഈ ലേഖകൻ 1992 ആഗസ്റ്റ് മുപ്പതിനുള്ള ദേശാഭിമാനി വാരാന്തപ്പതിപ്പിൽ കൊടുത്തിരുന്നതെങ്കിലും കാണുമായിരുന്നു!

സാംസ്കാരിക ചരിത്രമെഴുതുന്നതും പ്രസിദ്ധപ്പെടുത്തുന്നതും തികഞ്ഞ നിഷ്പക്ഷതയോടെയായിരിക്കണമെന്ന് എല്ലാവരും പറയും; പക്ഷേ ആരും അതനുസരിച്ചു പ്രവർത്തിക്കാറില്ല. നിത്യേനയെന്നോണം ഉദാഹരണങ്ങൾ നമ്മുടെ അറിവിൽ വരുന്നുണ്ട്. തല്പരകക്ഷികൾക്ക് സ്വന്തം പ്രതിഛായ പ്രകാശമാനമാക്കി പ്രദർശിപ്പിക്കാൻ താല്പര്യം കാണുമെന്നതുകൊണ്ടാണ് ഈ വൈരുദ്ധ്യം നിലനിൽക്കുന്നത്. എന്നാൽ ഇപ്രകാരം താല്പര്യങ്ങളൊന്നും പ്രത്യക്ഷമായിട്ടില്ലാത്ത ചിലർ, ചരിത്രവസ്തുതകൾ കാണാൻ കൂട്ടാക്കാതിരിക്കുന്നതെന്തുകൊണ്ടാണെന്നതാണ് വിസ്മയകരം! അറിവില്ലാത്തവനാണെങ്കിലും സ്വയം സർവജ്ഞനാണെന്ന ഭാവം കൈവിടാത്തതാണിതിനു കാരണം. അതുകൊണ്ട് പരുക്കേൽക്കുന്നത് സത്യത്തിനും ചരിത്രത്തിനുമാണ്.

താരതമ്യേന അടുത്തകാലത്തുള്ള കാര്യങ്ങളിൽപോലും കൈവയ്ക്കാൻ വിസമ്മതം പ്രകടിപ്പിച്ച് ചരിത്രത്തെ ക്രമാതീതമായി മുറിവേൽപ്പിച്ച ഒരു സംഗതിയെപ്പറ്റി ഇവിടെ പറയാതിരിക്കാൻ വയ്യ. തികച്ചും വസ്തുനിഷ്ഠമായും സത്യസന്ധമായും ചെയ്യാൻ പ്രയാസമില്ലാത്ത വിഷയമാണ്. പക്ഷേ ഉത്തരവാദിത്വമില്ലായ്മകൊണ്ടോ തികഞ്ഞ അനാസ്ഥകൊണ്ടോ വളരെയധികമാളുകളിൽ തെറ്റിദ്ധാരണ വരുത്താവുന്നതാണിത്. മലയാളത്തിലുള്ള റേഡിയോ പ്രക്ഷേപണത്തിന്റെ ചരിത്രമാണ് വിഷയം. മലയാളത്തിലെ റേഡിയോ പ്രക്ഷേപണം അരനൂറ്റാണ്ടു പൂർത്തിയാക്കിയിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് സംഘാടകരുടെ ഭാഷയിൽ വിപുലമായി ഒരുവർഷം നീണ്ടുനിൽക്കുന്ന, ആഘോഷം ഏർപ്പാടുചെയ്തിരിക്കുകയാണല്ലോ.

മലയാളത്തിലെ റേഡിയോ പ്രക്ഷേപണചരിത്രത്തെ സംബന്ധിക്കുന്ന ആധികാരിക വിവരങ്ങൾ, ആരായാൻ താല്പര്യമുള്ള ഒരാളിന്, സ്വായത്തമാക്കാൻ ഒരു വിഷമവുമില്ല. എല്ലാം രേഖകളായി ലഭ്യമാണ്. പക്ഷേ അതിനു ശ്രമിക്കണം. അല്പം മിനക്കെടുകയും വേണം. പിന്നെ സ്വയം സർവജ്ഞനാണെന്ന ഭാവം അന്വേഷണത്തിലേർപ്പെടുന്ന അയാൾ ഉപേക്ഷിക്കുകയും വേണം. ഇത്രയുമായാൽ വസ്തുനിഷ്ഠങ്ങളായ വസ്തുതകൾക്ക് ഒരു ക്ഷാമവുമില്ലെന്നു മനസിലാകും.

മലയാളത്തിലെ കാര്യങ്ങളിലേക്ക് കടക്കുന്നതിനുമുമ്പ് ഇന്ത്യയിലെ മൊത്തം ചില വിവരങ്ങൾ സൂചിപ്പിക്കട്ടെ. ഇന്ത്യയിലെ റേഡിയോ പ്രക്ഷേപണചരിത്രത്തിനു തുടക്കംകുറിച്ചത് 1924 മെയ് 16-ാം തീയതിയാണ്. മദിരാശി പ്രസിഡൻസി റേഡിയോ ക്ലബ് അന്നാണ് ഔപചാരികമായി രൂപീകരിക്കപ്പെട്ടത്. അവരുടെ ആഭിമുഖ്യത്തിൽ റേഡിയോ പ്രക്ഷേപണമാരംഭിച്ചത് അതേ കൊല്ലം ജൂലൈ 31-ാം തീയതിയായിരുന്നു. മദ്രാസിൽനിന്ന്! അന്നു റേഡിയോ പരിപാടി പ്രസരണംചെയ്യാനിടയായത്, അവിടെ സ്ഥാപിതമായ നാല്പതുവാട്ടു ശക്തിയുള്ള ട്രാൻസ്മിറ്ററിലൂടെയായിരുന്നു. പട്ടണത്തിൽ പ്രസരണിക്കു അഞ്ചു നാഴികയോളം ചുറ്റളവിൽ മാത്രമേ പരിപാടി കേൾക്കാമായിരുന്നുള്ളൂ! അന്ന് അവിടങ്ങളിൽ ആകെ മുപ്പതോളം റേഡിയോ സെറ്റുകളാണുണ്ടായിരുന്നത്! എങ്കിലും 'കമ്പിയില്ലാക്കമ്പി' ഒരസാധാരണ സംഭവമെന്നനിലയിൽ ആളുകളെ സ്വാധീനിച്ചത് കുറച്ചൊന്നുമല്ല!

മദ്രാസിൽ ഇത് സാധ്യമായത്, ഇംഗ്ലണ്ടിൽ മാർക്കോണി കമ്പനിയുടെ കീഴിൽ ആദ്യത്തെ പ്രക്ഷേപണമുണ്ടായി കഷ്ടിച്ചു നാലുവർഷത്തിനുശേഷമാണെന്ന വസ്തുത മറക്കരുത്. മാർക്കോണി കമ്പനിയുടെ എം.ഇസെഡ്. എക്സ്. എന്ന റേഡിയോകേന്ദ്രം തുടങ്ങിയത്, 1920 ഫെബ്രുവരി 23-ാം തീയതിയാണ്! സത്യം ഇതൊക്കെയാണെങ്കിലും ഇന്ത്യയിൽ സുസംഘടിതമായ റേഡിയോ പ്രക്ഷേപണത്തിന്റെ തുടക്കം 1927 ജൂലൈ 23-ാം തീയതിയാണെന്നത്രേ അംഗീകരിച്ചിരിക്കുന്നത്. അന്നാണ് ഇന്ത്യൻ ബ്രോഡ്കാസ്റ്റിംഗ് കമ്പനി എന്ന സ്വകാര്യസ്ഥാപനത്തിന്റെ കീഴിൽ ബോംബെയിൽ സ്ഥാപിതമായ കേന്ദ്രം വൈസ്രോയിയായിരുന്ന ഇർവിൻ പ്രഭു ഔപചാരികമായി തുറന്നത്. അവിടത്തെ ട്രാൻസ്മിറ്ററിന്റെ ശക്തി ഒന്നര കിലോവാട്ട് ആയിരുന്നു.

മദ്രാസിലെ കാര്യങ്ങളിലേക്ക് മടങ്ങുക. മുമ്പു പറഞ്ഞ റേഡിയോക്ലബ് റേഡിയോ പ്രക്ഷേപണ പ്രവർത്തനം 1927 ഒക്ടോബർവരെ നടത്തിക്കൊണ്ടുപോയി. സാമ്പത്തികപ്രയാസം കാരണം കമ്പനി പൂട്ടി. പക്ഷേ അവർ റേഡിയോ ട്രാൻസ്മിറ്റർ മദ്രാസ് കോർപറേഷന് സമ്മാനിക്കുകയാണ് ചെയ്തത്. പ്രക്ഷേപണപരിപാടികൾ തുടരാനുള്ള ലൈസൻസ് നഗരസഭയാർജ്ജിച്ച് 1930 ഏപ്രിൽ ഒന്നുമുതൽ പ്രക്ഷേപണം പുനരാരംഭിക്കുകയുണ്ടായി. മറിന, റോബിൻസൺ പാർക്ക്, സ്പർടാങ്ക്, പനഗൽ പാർക്ക്, ഹൈക്കോർട്ട് ബീച്ച് എന്നിവടങ്ങളിൽ ഉച്ചഭാഷിണി സ്ഥാപിച്ച് പരിപാടി കേൾക്കുന്നതിന് പൊതുജനങ്ങൾക്ക് അവസരമുണ്ടാക്കിയതും മറന്നുകൂടാ. ഈ അവസ്ഥ 1938 ജൂൺവരെ തുടർന്നു. ആ മാസം പതിനാറാംതീയതി മദ്രാസിലെ പുതിയ മീഡിയംവേവും ഷോർട്ടുവേവും കേന്ദ്രങ്ങൾ, ഓൾ ഇന്ത്യാ റേഡിയോയുടെ ഭാഗമായി പ്രവർത്തിച്ചുതുടങ്ങുകയുണ്ടായി. മീഡിയം വേവിന്റെ ശക്തി 0.25 കിലോവാട്ടും, ഷോർട്ടുവേവിന്റേത് പത്തുകിലോവാട്ടും ആയിരുന്നു അന്ന്. അവ ഓൾ ഇന്ത്യാ റേഡിയോയുടെ, യഥാക്രമം പത്താമത്തേയും പതിനൊന്നാമത്തേയും പ്രസരണികളുമായിരുന്നു. മദ്രാസ് റേഡിയോ നിലയം, വൈകുന്നേരത്തേതു കൂടാതെ കാലത്തും ഉച്ചയ്ക്കും പ്രക്ഷേപണം നടത്താൻ തുടങ്ങിയത് 1939-സെപ്തംബർ അഞ്ചാം തീയതിമുതലാണ്.

മദ്രാസ് റേഡിയോ നിലയത്തിന് തമിഴ് കൂടാതെ മറ്റ് പല ദക്ഷിണഭാരത ഭാഷകളിലും പ്രക്ഷേപണമാരംഭിക്കാനുള്ള നിയോഗവും കൈവന്നിട്ടുണ്ടെന്ന വസ്തുത പ്രത്യേകം സ്മരണീയമാണ്. മലയാളത്തിലുള്ള ആദ്യത്തെ റേഡിയോ പരിപാടി അവിടെനിന്നാണ് പ്രസരിച്ചത്! ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. 1939 സെപ്തംബറിൽ ഓണത്തിന് ഒരു വിശേഷാൽ പ്രക്ഷേപണ സന്ദേശമായിരുന്നു അത്. കൊല്ലങ്കോട്ടു സർ വാസുദേവരാജയാണ് അന്നതു ചെയ്തത്! അങ്ങനെ ഒരോണക്കാലത്താണ് മലയാള റേഡിയോ പ്രക്ഷേപണത്തിന്റെ ഔചിത്യത്തോടുകൂടിയ തുടക്കം! ഇതിനുശേഷം, നാടകം, കവിതാപാരായണം, പ്രഭാഷണം തുടങ്ങിയ പലയിനം പരിപാടികൾ മദിരാശിയിൽനിന്ന് മുറയ്ക്ക് പ്രക്ഷേപണംചെയ്തിരുന്നു. അവിടെനിന്ന് കവിത പ്രക്ഷേപണംചെയ്തവരുടെ കൂട്ടത്തിൽ മഹാകവി വള്ളത്തോളുമുൾപ്പെടുന്നു! രണ്ടാംലോകമഹായുദ്ധമാരംഭിച്ചശേഷം യുദ്ധ സംബന്ധമായ പ്രചാരണങ്ങളുടെ ഭാഗമായി ഡൽഹിയിൽനിന്നും മലയാള പരിപാടികൾ പ്രക്ഷേപണം ചെയ്യുന്നതിനേർപ്പാടുണ്ടായി. അങ്ങനെയുള്ള പരിപാടികളിൽ സംബന്ധിച്ചവരിൽ എത്രയോ ആളുകൾ ഇന്നും ജീവിച്ചിരിപ്പുണ്ട്! ഇവയൊക്കെ 1943-ന് എത്രയോ മുമ്പായിരുന്നു!

വസ്തുതകൾ, ഇപ്രകാരം സംശയാതീതമായ രീതിയിൽ, ലഭ്യമാകുന്ന ഇക്കാലത്താണ്, മലയാള റേഡിയോ പ്രക്ഷേപണത്തിന്റെ തുടക്കം 1943 മാർച്ചിൽ ആണെന്നു പ്രക്ഷേപണം ചെയ്ത്, ഒരുകൊല്ലത്തെ ആഘോഷപരിപാടികൾ ഇവിടെ ഏർപ്പാടു ചെയ്തിരിക്കുന്നത്. വിവരക്കേടു വിളംബരം ചെയ്യാൻ ഇവിടത്തെ പ്രസരണികളൊക്കെ ഉപയോഗപ്പെടുത്തുകയാണ്! പ്രക്ഷേപണ ചരിത്രത്തെക്കുറിച്ച് ജനങ്ങളെ എത്രമാത്രമാണ് തെറ്റിദ്ധരിപ്പിക്കുന്നത്! വായിക്കുന്ന ശീലമുള്ളവരായിരുന്നു ഇതു സംഘടിപ്പിച്ചതെങ്കിൽ, മലയാള പ്രക്ഷേപണചരിത്രത്തിന്റെ രൂപരേഖ ഈ ലേഖകൻ 1992 ആഗസ്റ്റ് മുപ്പതിനുള്ള ദേശാഭിമാനി വാരാന്തപ്പതിപ്പിൽ കൊടുത്തിരുന്നതെങ്കിലും കാണുമായിരുന്നു! ഈ ഭീമാബദ്ധം ഒഴിവാക്കി പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുമായിരുന്നില്ല! ഈ ആഘോഷത്തിലൊരുവേഷം കെട്ടാൻ ആകാശവാണിയിലെ ഡയറക്ടർ ജനറൽവരെ ഉണ്ടായതിൽനിന്ന് തെറ്റിദ്ധരിപ്പിക്കലിന്റെ ആഴവും വ്യാപ്തിയും പ്രത്യക്ഷമാണ്! തന്നെ തെറ്റിദ്ധരിപ്പിച്ചവരുടെമേൽ പ്രസക്തമായ നടപടിയെടുക്കുകമാത്രമല്ല, ബഹുജനങ്ങളുടെയിടയിൽ പ്രചരിപ്പിച്ചിട്ടുള്ള തെറ്റായ ചരിത്രവസ്തുതകൾ തിരുത്തി പരിഹാരംകാണാനും ഡയറക്ടർജനറൽ തയാറാകേണ്ടതാണ്. ഇത് ധാർമ്മികമായ ഒരു ബാധ്യതയാണ്.

ഇക്കാര്യത്തെപ്പറ്റി ഇത്രയും പറഞ്ഞ സ്ഥിതിക്ക് ആനുഷംഗികമായ മറ്റു ചില സംഗതികൾകൂടി ഇവിടെ സ്പർശിക്കേണ്ടതുണ്ട്. തിരുവിതാംകൂർ ബ്രോഡ്കാസ്റ്റിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ 1936 മുതൽ തുടങ്ങിയെങ്കിലും, ഒരു കേന്ദ്രം ആരംഭിക്കാനിടവന്നത് 1943 മാർച്ച് 12-ാം തീയതിമാത്രമാണ്. സർവകലാശാലയുടെ കീഴിലായിരുന്നതിനാൽ ആദ്യത്തെ ചുമതലക്കാരനായിത്തീർന്നത് പ്രൊ. സി.വി. ചന്ദ്രശേഖരനായിരുന്നു. ഇതാണ് മലയാള റേഡിയോ പ്രക്ഷേപണത്തിന്റെ ആരംഭമെന്നും പറഞ്ഞാണല്ലോ ആഘോഷിച്ചു തുടങ്ങിയിരിക്കുന്നത്! അപ്പോൾ സ്വാഭാവികമായും പ്രതീക്ഷിക്കാവുന്ന ചില സംഗതികളില്ലേ? ആദ്യകാലത്തെ പരിപാടിയുടെ പൊതുസ്വഭാവമെന്തായിരുന്നു? എപ്രകാരമാണ് പരിപാടി സംവിധാനം ചെയ്തിരുന്നത്? സൂത്രധാരന്മാരാരൊക്കെയായിരുന്നു? നിയന്ത്രണരീതികളെന്തൊക്കെ? പഴയ ചരിത്രം പറയുമ്പോൾ ഇക്കാര്യങ്ങളൊക്കെ പൊതുജനങ്ങൾ പ്രതീക്ഷിക്കുകയില്ലേ? അവ വല്ലതും ഈ ആഘോഷങ്ങളിലൂടെ പൊതുജനങ്ങൾക്ക് നൽകിയിട്ടുണ്ടോ? അക്കാലത്ത് റേഡിയോയുമായി ഉറ്റബന്ധമുണ്ടായിരുന്ന ചിലർ ഇന്നും ജീവിച്ചിരിപ്പുണ്ട്. മറ്റു ചിലർ ഇന്നില്ല. മരിച്ചുപോയ ചിലരുടെ പ്രവർത്തനങ്ങൾ നേരിട്ടറിയാവുന്ന അവരുടെ ഉറ്റവരിൽ പലരുമുണ്ട്. തിരുവിതാംകൂർ ബ്രോഡ്കാസ്റ്റിംഗ് സ്റ്റേഷനുമായി പ്രത്യക്ഷമായും പരോക്ഷമായും ബന്ധമുണ്ടായിരുന്നവരിൽ എത്രപേർക്ക്, അവരുടെ പക്കലുള്ള വസ്തുതകൾ വ്യക്തമാക്കാൻ ആഘോഷത്തിൽ അവസരം നൽകിയിട്ടുണ്ട്? ഇതൊക്കെ അന്വേഷിച്ച് തിട്ടപ്പെടുത്തുമ്പോഴാണ്, പിടിപ്പുകേടിന്റെയും വിവരമില്ലായ്മയുടേയും ഉത്തരവാദിത്വരാഹിത്യത്തിന്റെയും ചുരുളുകൾ അഴിയാനിടവരുന്നത്!

'സുവർണസ്മരണകൾ' എന്ന പേരിൽ അഭിമുഖങ്ങൾ അവതരിപ്പിക്കുന്ന ഒരിനമുണ്ട്. താല്പര്യം തോന്നിയ രണ്ടുമൂന്നു അഭിമുഖങ്ങൾ ശ്രദ്ധിക്കാനിടവന്നു. അവയുടെയടിസ്ഥാനത്തിൽ ചില വിവരങ്ങൾ പറയാതിരിക്കാൻ വയ്യ. തിരുവിതാംകൂർ ബ്രോഡ്കാസ്റ്റിംഗ് സർവീസിൽ അന്ന് പ്രവർത്തിച്ചിരുന്നവരോ അതുമായി പ്രത്യക്ഷമോ പരോക്ഷമോ ആയി ബന്ധമുണ്ടായിരുന്നവരോ ഒന്നും ഈ ഇനത്തിൽ ഇതുവരെ പ്രത്യക്ഷപ്പെട്ടിട്ടില്ല. അതായത് 1943-മുതൽ 1950-ൽ ഓൾ ഇന്ത്യാ റേഡിയോ തിരുവനന്തപുരം നിലയമായിത്തീരുന്നതുവരെയുള്ള കാലഘട്ടം കഴിഞ്ഞ് അഞ്ചും പത്തും കൊല്ലം ചെന്നപ്പോൾ റേഡിയോ സ്റ്റേഷനിൽ കടന്നുകൂടി ജീവനക്കാരായിത്തീർന്ന ചിലരാണ്, ശ്രോതാക്കൾക്ക് 'സ്വർണം' നൽകിയിട്ടുള്ളതിതുവരെ! റേഡിയോയിൽ തങ്ങളെന്തൊക്കെ പരിഷ്കാരങ്ങൾ വരുത്തി, എന്തൊക്കെ അസാമാന്യതകൾ പ്രകടിപ്പിച്ചു, എന്നൊക്കെ ആത്മപ്രശംസയുടെ അതിഭാവുകത്വം നിറച്ച് ചില അവകാശങ്ങൾ പറയുകയാണ് അവർ ചെയ്തിട്ടുള്ളത്! സത്യം അറിയാവുന്ന കുറേപ്പേരെങ്കിലും ശ്രോതാക്കളുടെയിടയിൽ കാണും. അവർ ഈ അഹന്താപ്രകടനംകേട്ട്, കുലുങ്ങിച്ചിരിക്കുമെന്നതു തീർച്ചയാണ്. ഒരു സരസൻ ഇതിനെപ്പറ്റി പറഞ്ഞതുപോലെ- അയാൾ തിരുവനന്തപുരം നിലയത്തിലെ ആളു തന്നെയാണ്- 'കള്ളസ്മരണകൾ'- എന്നായിരിക്കും അതിനുപറ്റിയ പരിപാടിപ്പേര്!

തിരുവിതാംകൂർ ബ്രോഡ്കാസ്റ്റിംഗ് സ്റ്റേഷൻ പ്രസരണം ചെയ്തിരുന്ന പരിപാടികളുടെ വിവരങ്ങൾ 1943- മാർച്ച് മുതലുള്ള ട്രാവൻകൂർ ഇൻഫർമേഷൻ- എന്ന പ്രസിദ്ധീകരണങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അതുപോലെ പ്രക്ഷേപണം സംബന്ധിച്ച മറ്റു പ്രസക്ത വസ്തുതകളും, പ്രസംഗങ്ങളുടെ രചനകളും, അതിൽ മുടങ്ങാതെ വന്നിരുന്നു. അക്കാലത്തെ പരിപാടികളെപ്പറ്റി വിവരം നൽകാൻ ആഘോഷക്കാരാരെങ്കിലും അവ നോക്കിയിട്ടുണ്ടോയെന്നു സംശയിക്കണം. ഇങ്ങനെ പഴയ വസ്തുതകൾ മനസിലാക്കാൻ വഴിയുണ്ടെന്നു നിലയത്തിലിന്നുള്ള ഒരു പ്രധാന വ്യക്തിയോടു പറഞ്ഞപ്പോൾ- 'ഓഹോ! അങ്ങനെയൊന്നുണ്ടോ?- എന്നായിരുന്നു പ്രതികരണം! അയാളുടെ താല്പര്യം അതോടെ തീർന്നിരിക്കാമെന്നാണെന്റെ അനുമാനം!

തിരുവിതാംകൂർ ബ്രോഡ്കാസ്റ്റിംഗ് സ്റ്റേഷന്റെ ചരിത്രത്തെപ്പറ്റി ചിന്തിക്കുമ്പോൾ ഒരു ചരിത്രവസ്തുത ഒരിക്കലും വിസ്മരിക്കാവുന്നതല്ല. അതിന്റെ പ്രവർത്തനത്തിലെ ഒരു ഇരുളടഞ്ഞ അദ്ധ്യായമാണത്. സർ.സി.പി.യുടെ സ്വതന്ത്ര തിരുവിതാംകൂർ പ്രസ്ഥാനത്തിനുവേണ്ടി അതിലൂടെ പ്രക്ഷേപണം ചെയ്തിട്ടുള്ള പരിപാടികൾക്ക് കണക്കില്ല! സർ.സി.പി.ക്ക് ഓശാനപാടിയിരുന്ന പത്രങ്ങളും മറ്റും സ്വതന്ത്ര തിരുവിതാംകൂറിനുവേണ്ടിയുള്ള വാദത്തെ പിൻതാങ്ങാനും ന്യായീകരിക്കാനും സ്ഥലം നീക്കിവച്ചിരുന്നതും മറന്നുകൂടാ. എന്നാൽ സർക്കാരിന്റെ സമ്പൂർണ്ണമായ നിയന്ത്രണത്തിലിരുന്ന തിരുവിതാംകൂർ ബ്രോഡ്കാസ്റ്റിംഗ് സ്റ്റേഷന്റെ പ്രസരണിയിലൂടെ തുപ്പിയിട്ടുള്ള ദുഷ്ടിന് കണക്കില്ലായിരുന്നു. എത്രയെത്ര എഴുത്തുകാരും സാമൂഹികസേവനപ്രവർത്തകരുമാണ് അന്ന് അതിലൂടെ പ്രസംഗങ്ങൾ പ്രക്ഷേപിച്ചിരുന്നത്! അത്തരമൊരു പ്രസംഗം പ്രക്ഷേപണം ചെയ്തു മടങ്ങിയ ഒരു കവിയെ കണ്ടപ്പോൾ, അന്ന് തിരുവനന്തപുരത്ത് വിദ്യാർത്ഥിയായിരുന്ന ഈ ലേഖകൻ, ദു:ഖത്തോടെ 'എന്തിനീ വിടുവേല ചെയ്തു?'- എന്നുചോദിച്ചു. കവി സുസ്മേരവദനനായിമൊഴിഞ്ഞത് ഇതാണ്- ' പ്രക്ഷേപണം ചെയ്താലുള്ള 'ത്രിൽ' അനുഭവിക്കാൻ!' ഞാനൊന്നും തുടർന്നു ചോദിച്ചില്ല! അക്കാലത്ത് പ്രക്ഷേപണം വലിയ ഗ്ലാമറുള്ള സംഗതിയായിരുന്നു! ഇന്നു ടെലിവിഷനാണ് ഗ്ലാമർ കൈവശപ്പെടുത്തിയിരിക്കുന്നത്!

മലയാളം റേഡിയോ പ്രക്ഷേപണത്തിന്റേതായാലും തിരുവനന്തപുരത്തെ പ്രക്ഷേപണത്തിന്റെ മാത്രമായാലും, ചരിത്രം പറയുമ്പോൾ വസ്തുനിഷ്ഠത കൈവെടിഞ്ഞുകൂടാ. ചരിത്രം പറയുന്നയാൾക്ക് സത്യത്തോടു മാത്രമേ ബാധ്യതയുള്ളൂ. മലയാള റേഡിയോ പ്രക്ഷേപണത്തിന്റെ ചരിത്രം അരനൂറ്റാണ്ടു പൂർത്തിയാക്കിയത്, സത്യത്തിൽ 1989 സെപ്തംബറിലായിരുന്നു. അതിനുശേഷം നാലോളം കൊല്ലം കഴിഞ്ഞാണതെന്നു വരുത്തുന്നവർ, സൗമ്യമായി പറഞ്ഞാൽ, ചരിത്രത്തോടു ക്രൂരതകാട്ടുന്നവരാണ്. സ്വന്തം പൈതൃകത്തെ അവർ അവഹേളിക്കുന്നു; വികൃതമാക്കുന്നു. തെറ്റിദ്ധരിപ്പിക്കുന്നു.

ചുരുക്കത്തിൽ ഇതേ പറയാനുള്ളൂ. കൂടുതൽ നാൾ സർക്കാർ സർവീസിൽ കഴിയാൻ സ്വന്തം വയസ് വളരെ കുറച്ചുവച്ച് കാര്യം സാധിച്ച ഒരാൾ ശരിയായ ജനനത്തീയതിയും വർഷവും വളരെ കഴിഞ്ഞുപോയിട്ട് ഷഷ്ടിപൂർത്തിയാഘോഷിക്കുന്നതു പോലൊരു പന്തികേടുണ്ടതിന്. മലയാള റേഡിയോ പ്രക്ഷേപണത്തിന്റെ അരനൂറ്റാണ്ടാഘോഷങ്ങൾക്ക്! ഈ ചതിവ് ഇപ്പോൾ വേണമായിരുന്നോ? ഇങ്ങനെ വേണമായിരുന്നോ? ആരെങ്കിലും അറിയാവുന്നവർ ഇത്രയുമെങ്കിലും പറഞ്ഞില്ലെങ്കിൽ, അബദ്ധക്കാരെ ആളുകൾ തിരിച്ചറിയാതെ പോകും. കൂടുതൽ ആവശ്യമാണെന്നുവന്നാൽ യഥാസമയം അവ ഉറക്കെപ്പറയാം.